## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **6545** | **21.11.2019**-ൽ മറുപടിയ്ക്ക്

## ഭൂമിയുടെ ന്യായവില സംബന്ധിച്ച ഉത്തരവ്

ചോദ്യം : | മറുപടി :

ശ്രീ.പി.കെ.ബഷീർ
" വി.കെ.ഇബ്രാഹിം കുഞ്ഞ്

ശ്രീ. ഇ. ചന്ദ്രശേഖരൻ
(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഭൂമിയുടെ ന്യായവില നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിച്ചത് എന്നാണെന്ന് അറിയിക്കാമോ; ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (എ) | സംസ്ഥാനത്തെ ഭൂമിയുടെ ന്യായവില 06/03/2010-ലെ വിജ്ഞാപനങ്ങൾ പ്രകാരം 01/04/2010 മുതൽ നിലവിൽ വന്നു. 1959-ലെ കേരള സ്റ്റാമ്പ് ആക്ട് സെക്ഷൻ 27 എ പ്രകാരം ന്യായവില നിർണ്ണയത്തിന് അധികാരപ്പെട്ട ഉദ്യോഗസ്ഥർ അതത് പ്രദേശങ്ങളിലെ ആർ.ഡി.ഒ മാരാണ്. ടി ഉദ്യോഗസ്ഥർ തങ്ങളുടെ അധീനതയിലുള്ള വില്ലേജുകളുടെ ഫെയർവാല്യൂ പ്രത്യേകം പ്രത്യേകം വിജ്ഞാപനങ്ങൾ പ്രകാരമാണ് പ്രസിദ്ധപ്പെടുത്തുന്നത്. ആയതിന്റെയെല്ലാം പകർപ്പുകൾ ലഭ്യമാക്കുകയെന്നത് പ്രായോഗികമല്ല. |
| (ബി) | പ്രസ്തുത ഉത്തരവിൽ നിരവധി അപാകതകളും പാകപ്പിഴകളും സംഭവിച്ചതിനാൽ പലസ്ഥലത്തും ന്യായവില വളരെയധികം ഉയർന്നു നിൽക്കുന്നതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ ഭൂമിയുടെ ന്യായവില പുതുക്കി നിശ്ചയിച്ച് കാലാനുസൃതമായി മാറ്റങ്ങൾ വരുത്തി ഉത്തരവിറക്കിയിട്ടുണ്ടോ; പകർപ്പ് ലഭ്യമാക്കുമോ; | (ബി) | 14/08/2018-ലെ 302/2018/റവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്തൊട്ടാകെയുള്ള ഭൂമിയുടെ ന്യായവില പുനർനിർണ്ണയം നടത്താൻ ഉത്തരവായിട്ടുള്ളതാണ്. എന്നാൽ ന്യായവില പുനർനിർണ്ണയം പൂർത്തിയാക്കി പ്രസിദ്ധീകരിച്ചിട്ടില്ല. എന്നാൽ 14/11/2014-ലെ ജി.ഒ.(പി) 188/2014/റ്റി.ഡി., 31/03/18-ലെ ജി.ഒ.(പി) 43/2018/റ്റി.ഡി., 30/04/2019-ലെ ജി.ഒ.(പി) 70/2019/റ്റി.ഡി. നമ്പർ സർക്കാർ ഉത്തരവുകൾ പ്രകാരം യഥാക്രമം നിലവിലുള്ള ന്യായവിലയുടെ 50%, 10%, 10% വീതം വർദ്ധനവ് |

| | | | |
|---|---|---|---|
| | | | വരുത്തിയിട്ടുള്ളതാണ്. പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു. |
| സി) | ഭൂമിയുടെ ന്യായവില വർദ്ധിപ്പിച്ച ഉത്തരവ് പുറപ്പെടുവിക്കാൻ ഉണ്ടായ കാലതാമസം മൂലം സർക്കാരിലേക്ക് ലഭിക്കേണ്ട എത്ര തുകയാണ് നഷ്ടപ്പെട്ടതെന്നും കാലതാമസത്തിനുണ്ടായ കാരണം എന്താണെന്നും വ്യക്തമാക്കാമോ? | (സി) | സർക്കാരിനുണ്ടായ നഷ്ടം കണക്കാക്കിയിട്ടില്ല. സംസ്ഥാനമാകെ ന്യായവില പുനർനിർണ്ണയിക്കുന്നതിനായി 14/08/2018 തീയതിയിൽ 303/2018/റവ പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതും ആയത് സംബന്ധിച്ച് പരിശീലന പരിപാടികൾ 23/10/2018-ന് പൂർത്തിയാക്കുകയും ചെയ്തു. 31/10/2018 വരെ സംസ്ഥാന ത്തൊട്ടാകെ പട്ടയ വിതരണത്തിനുള്ള നടപടികളിൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടി വന്നതിനാൽ ഫെയർവാല്യൂ പരിഷ്കരിക്കുന്ന പരിപാടികൾ 2019 ജനുവരി മുതൽ ആരംഭിച്ചാൽ മതിയെന്ന് തീരുമാനിക്കുകയുണ്ടായി. എന്നാൽ 2019 ഏപ്രിൽ, മേയ് മാസങ്ങളിൽ നടന്ന ലോകസഭയിലേക്കുള്ള പൊതു തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥർക്കുള്ള പരിശീലന പരിപാടികളും മറ്റും ആരംഭിക്കുകയും, റവന്യൂ വകുപ്പിലെ ഡെപ്യൂട്ടി കളക്ടർ, തഹസിൽദാർ, ഡെപ്യൂട്ടി തഹസിൽദാർ എന്നീ തസ്തികകളിലുള്ള ഉദ്യോഗസ്ഥരുടെ ജില്ല വിട്ടുള്ള സ്ഥലം മാറ്റം നടപ്പിൽ വരികയും ചെയ്ത സാഹചര്യത്തിൽ ന്യായവില പുനർനിർണ്ണയ നടപടികൾ പൂർത്തിയാക്കുവാൻ സാധിച്ചിട്ടില്ലാത്തതാണ്. |

PR

സെക്ഷൻ ഓഫീസർ

0040145

കേരള സർക്കാർ

സംഗ്രഹം

റവന്യൂ വകുപ്പ്- സംസ്ഥാനത്തെ ഭൂമിയുടെ ന്യായവില പുനർ നിർണ്ണയം നടത്തുവാൻ അനുമതി നൽകിയും ന്യായവില പുനർ നിർണ്ണയം സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ അംഗീകരിച്ചും ഉത്തരവാകുന്നു.

---

റവന്യൂ (ജി) വകുപ്പ്

സ. ഉ.(കൈ) നം.302 /2018/റവ. തിരുവനന്തപുരം, തീയതി. 14/08/2018

---

പരാമർശം-
1. 14/11/2014 ലെ ജി.ഒ.(പി) 188/14/റ്റിഡി നമ്പർ സർക്കാർ ഉത്തരവ്.
2. 09/07/15- ലെ ജി.ഒ(ആർ.റ്റി) 3598/15/ആർ ഡി നമ്പർ സർക്കാർ ഉത്തരവ്.
3. 31/03/2018-ലെ ജി.ഒ(പി) 43/2018/റ്റിഡി നമ്പർ സർക്കാർ ഉത്തരവ്.
4. ലാൻഡ് റവന്യൂ കമ്മീഷണറുടെ 26/04/2018- ലെ എൽ.ആർ.(എ) 3-40401/2014 നമ്പർ കത്ത്.

ഉത്തരവ്

സംസ്ഥാനത്തെ ഭൂമിയുടെ നിലവിലുള്ള ന്യായവില നിരക്കുകൾ 01/04/2010-ന് പ്രാബല്യത്തിൽ വന്നു. പരാമർശം (1) പ്രകാരം നിലവിലുള്ള ന്യായവിലയുടെ 50% വർദ്ധനവ് വരുത്തിയും അതിനു ശേഷം പരാമർശം (3) പ്രകാരം നിലവിലുള്ള ന്യായവിലയിൽ 10% വർദ്ധനവ് കൂടി വരുത്തിയും ഉത്തരവാകുകയുണ്ടായി.

2. പ്രസിദ്ധീകരിക്കപ്പെട്ട ന്യായവിലകളിൽ നിരവധി ആക്ഷേപങ്ങളും അപാകതകളും ശ്രദ്ധയിൽപ്പെട്ടതിനെതുടർന്ന് ന്യായവില പുനർനിർണ്ണയവുമായി ബന്ധപ്പെട്ട് റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനും ലാൻഡ് റവന്യൂ കമ്മീഷണർ കൺവീനറും രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ, കൊല്ലം, പത്തനംതിട്ട, എറണാകുളം, പാലക്കാട് ജില്ലാ കളക്ടർമാർ തിരുവനന്തപുരം, ദേവികുളം, തൃശ്ശൂർ, പെരിന്തൽമണ്ണ സബ് കളക്ടർമാർ അംഗങ്ങളായും ഒരു സബ് കമ്മിറ്റി പരാമർശം (2) പ്രകാരം രൂപീകരിക്കുകയുണ്ടായി. പ്രസ്തുത കമ്മിറ്റി 01/10/2016-ൽ ഒരു യോഗം ചേരുകയും ഓരോ ജില്ലയിലും കുറച്ച് ഭൂമി തിരഞ്ഞെടുത്ത് ന്യായവില പുനർനിർണ്ണയം സംബന്ധിച്ച ഒരു പഠന റിപ്പോർട്ട് സമർപ്പിക്കുവാനും പ്രസ്തുത യോഗത്തിൽ തീരുമാനമായി.

3. മേൽപ്പറഞ്ഞ തീരുമാനപ്രകാരം റിപ്പോർട്ട് സമർപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ലാൻഡ് റവന്യൂ കമ്മീഷണർ രണ്ട് തവണ യോഗം വിളിച്ചു ചേർക്കുകയും ന്യായവില പുനർ നിർണ്ണയവുമായി ബന്ധപ്പെട്ട് ഒരു ഏകദിന ശിൽപ്പശാല നടത്തുകയുമുണ്ടായി. ലാൻഡ് റവന്യൂ കമ്മീഷണർ മോഡറേറ്ററായിരുന്ന പ്രസ്തുത ശില്പശാലയിൽ രജിസ്ട്രേഷൻ

ഇൻസ്പെക്ടർ ജനറൽ, റവന്യൂ രജിസ്ട്രേഷൻ വകുപ്പുകളിലെ ഉന്നതോദ്യോഗസ്ഥരും പങ്കെടുത്തിരുന്നു. പ്രസ്തുത ചർച്ചയിൽ ഉരിത്തിരിഞ്ഞ നിർദ്ദേശങ്ങൾ പരിഗണിച്ചുകൊണ്ടും കംട്രോളർ ആൻഡ് ആഡിറ്റർ ജനറൽ നൽകിയ ശിപാർശകളും ന്യായവില പുനർ നിർണ്ണയിക്കുമ്പോൾ പരിഗണിക്കേണ്ട പ്രായോഗികമായ നിർദ്ദേശങ്ങളും കണക്കിലെടുത്തും നടപടികൾ പൂർത്തിയാക്കേണ്ട സമയക്രമങ്ങൾ നിശ്ചയിച്ചും കൊണ്ടുള്ള വിശദമായ ഒരു പ്രൊപ്പോസൽ അംഗീകാരം ലഭിക്കുന്നതിനായി പരാമർശം (4) പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ സർക്കാരിലേക്ക് സമർപ്പിക്കുകയുണ്ടായി.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാനത്തെ ഭൂമിയുടെ ന്യായവിലയിൽ വളരെയധികം അപാകതകളുണ്ടെന്നും ആയത് കാരണം പൊതുജനങ്ങൾക്ക് വളരെയേറെ ബുദ്ധിമുട്ടനുഭവപ്പെടുന്നുണ്ടെന്നും സംസ്ഥാനത്തെ ന്യായവില പുനർ നിർണ്ണയം നടത്തി അപാകതകൾ പരിഹരിക്കേണ്ടതുണ്ടെന്നും സർക്കാരിന് ബോധ്യപ്പെട്ടു. ഈ സാഹചര്യത്തിൽ സംസ്ഥാനത്തെ ഭൂമിയുടെ ന്യായവില പുനർനിർണ്ണയം നടത്തുവാൻ അനുമതി നൽകിയും ന്യായവില പുനർ നിർണ്ണയിക്കുമ്പോൾ പരിഗണിക്കേണ്ട നിർദ്ദേശങ്ങളും സ്വീകരിക്കേണ്ട നടപടികളും ഉൾപ്പെടുന്ന മാർഗ്ഗനിർദ്ദേശങ്ങൾ (അനുബന്ധം) അംഗീകരിച്ചും ഉത്തരവാകുന്നു.

5. ന്യായവില പുനർനിർണ്ണയത്തിന്റെ പുരോഗതി അവലോകനം ചെയ്യുന്നതിനായി ലാൻഡ് റവന്യൂ കമ്മീഷണർ, രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ, ലാൻഡ് റവന്യൂ ജോയിന്റ് കമ്മീഷണർ എന്നിവരടങ്ങുന്ന ഒരു മോണിറ്ററിംഗ് കമ്മിറ്റി ലാൻഡ് റവന്യൂ കമ്മീഷണർ രൂപീകരിക്കേണ്ടതാണ്. ന്യായവില പുനർനിർണ്ണയവുമായി ബന്ധപ്പെട്ട് ആവശ്യമായ നിർദ്ദേശങ്ങൾ സമയാസമയങ്ങളിൽ ജില്ലാ കളക്ടർമാർക്ക് ലാൻഡ് റവന്യൂ കമ്മീഷണർ നൽകേണ്ടതാണ്.

6. ന്യായവില പുനർനിർണ്ണയം ഫലപ്രദമായി പൂർത്തീകരിക്കുന്നതിന്റെ ഭാഗമായി ഫീൽഡ് വർക്കർമാരെയും, ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരെയും ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള നടപടികൾ ലാൻഡ് റവന്യൂ കമ്മീഷണർ സ്വീകരിക്കേണ്ടതാണ്. അപ്രകാരം നിയമിക്കുന്നവർക്ക് വേതനം നൽകുന്നതിനാവശ്യമായ തുക, പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനും, പരിശീലകർക്കും, പരിശീലനാർത്ഥികൾക്കും നൽകേണ്ടിവരുന്ന പ്രതിഫലതുക, കമ്മിറ്റികൾ കൂടുന്നതിനും, അതിന്റെ പ്രവർത്തനത്തിനും ആവശ്യമായിവരുന്ന തുക, വില്ലേജ് ജീവനക്കാർക്ക് നൽകേണ്ട അധിക വേതനം, ന്യായവില നിർണ്ണയവുമായി ബന്ധപ്പെട്ട് വില്ലേജ് ഓഫീസുകളിലേക്ക് നിയമിക്കുന്ന കളക്ടറ്റിലേയും മറ്റ് ഓഫീസുകളിലേയും ഉദ്യോഗസ്ഥർക്ക് നൽകേണ്ട അധിക വേതനം, റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനാവശ്യമായ ചെലവുകൾ തുടങ്ങിയവ 2053-00-093-99 എന്ന പ്രധാന ശീർഷകത്തിന്റെ ഉപശീർഷകങ്ങളിൽ നിന്നും വഹിക്കേണ്ടതാണ്.

7. ന്യായവില പുനർനിർണ്ണയവുമായി ബന്ധപ്പെട്ട എല്ലാവിധ കണക്കുകളും അനുരഞ്ജനം നടത്തി വരവ് ചെലവ് കണക്കുകൾ തയ്യാറാക്കി, ജില്ലാ കളക്ടർമാർക്ക് സമർപ്പിക്കേണ്ട ചുമതല ബന്ധപ്പെട്ട റവന്യൂ ഡിവിഷണൽ ഓഫീസർമാരിൽ നിക്ഷിപ്തമായിരിക്കും.

8. ന്യായവില പുനർനിർണ്ണയം സംബന്ധിച്ച പരിശീലന പരിപാടികൾ 2018 ഒക്ടോബർ മാസത്തിൽ പൂർത്തിയാക്കേണ്ടതും, പുനർനിർണ്ണയ ജോലികൾ 01/11/2018 മുതൽ ആരംഭിക്കേണ്ടതുമാണ്. നടപടികൾ പൂർത്തിയാക്കുന്നതിനുള്ള സമയക്രമം

3

നിശ്ചയിച്ചുകൊണ്ടുള്ള നടപടിക്രമം ലാൻഡ് റവന്യൂ കമ്മീഷണർ പുറപ്പെടുവിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പി.എച്ച്. കുര്യൻ
അഡീഷണൽ ചീഫ് സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
ഡയറക്ടർ,സർവ്വേയും ഭൂരേഖയും വകുപ്പ് , തിരുവനന്തപുരം
രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും (ലാൻഡ് റവന്യൂ കമ്മീഷണർ മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( ആഡിറ്റ്), കേരള തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ ( എ ആന്റ് ഇ) കേരള തിരുവനന്തപുരം
തദ്ദേശ സ്വയംഭരണ വകുപ്പ്
നികുതി വകുപ്പ്
ധനകാര്യ വകുപ്പ്
പൊതുജനസമ്പർക്കം ( വെബ് & ന്യൂ മീഡിയ)വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ

©
കേരള സർക്കാർ
Government of Kerala
2014

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2012-14

# കേരള ഗസറ്റ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 3<br>Vol. III | തിരുവനന്തപുരം,<br>വെള്ളി<br>Thiruvananthapuram,<br>Friday | 2014 നവംബർ 14<br>14th November 2014.<br>1190 തുലാം 28<br>28th Thulam 1190<br>1936 കാർത്തികം 23<br>23rd Karthika 1936 | നമ്പർ<br>No. | 2734 |

GOVERNMENT OF KERALA

**Taxes (E) Department**

NOTIFICATION

G. O. (P) No. 188/2014/TD. *Dated, Thiruvananthapuram, 14th November, 2014*
*28th Thulam, 1190.*

**S. R. O. No. 698/2014.**—In exercise of the powers conferred under sub-section (1B) of section 28A of the Kerala Stamp Act, 1959 (Act 17 of 1959), the Government of Kerala hereby increase the existing fair value of land in Kerala fixed as per sub-section (1) of section 28A by fifty per cent. It shall come into force on the 17th day of November, 2014. Separate notifications for this purpose by the Revenue Divisional Officers concerned are not necessary.

By order of the Governor,

A. Ajith Kumar,
*Secretary to Government.*

PRINTED AND PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2014
3/4507/2014/S-11.

PR

## Explanatory Note

(This does not form part of the notification, but is intended to indicate its general purport.)

Sub-section (I) of section 28A of the Kerala Stamp Act, 1959 (17 of 1959) empowers the Revenue Divisional Officers to fix the fair value of lands situated within the area of his jurisdiction for the purpose of determining the duty chargeable at the time of registration of instruments involving lands. Accordingly, 21 Revenue Divisional Officers in the State have fixed the fair value of lands in the State and necessary notification was published in the Kerala Gazette Extraordinary No. 515, dated 6th March, 2010. Thereafter, the market value of land has increased considerably. As the fair value of land has not been revised in tune with the increase in market value, the Government have decided to increase the existing fair value fixed as per sub-section (1) of section 28A (including decisions in appeals and review petitions) by fifty per cent invoking the provision under sub-section (1B) of section 28A of the said Act.

The notification is intended to achieve the above object.

---

©
കേരള സർക്കാർ
Government of Kerala
2018

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2015-17

# കേരള ഗസറ്റ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 7<br>Vol. VII | തിരുവനന്തപുരം, ശനി<br>Thiruvananthapuram, Saturday | 2018 മാർച്ച് 31<br>31st March 2018<br>1193 മീനം 17<br>17th Meenam 1193<br>1940 ചൈത്രം 10<br>10th Chaithra 1940 | നമ്പർ<br>No. | 828 |

## GOVERNMENT OF KERALA

### Taxes (E) Department

### NOTIFICATION

G. O. (P) No. 43/2018/TD.

*Dated, Thiruvananthapuram, 31st March, 2018 / 17th Meenam, 1193.*

S. R. O. No. 186/2018.—In exercise of the powers conferred under sub-section (1B) of section 28A of the Kerala Stamp Act, 1959 (17 of 1959), the Government of Kerala hereby increase the existing fair value of land in Kerala, fixed as per sub-section (1) of section 28A and enhanced by notification issued under G. O. (P) No. 188/2014/TD dated 14th November, 2014 and published as S. R. O. No. 698/2014 in Kerala Gazette Extraordinary No. 2734 dated 14th November, 2014,

33/1209/2018/S-15.

by ten per cent. Separate notifications for this purpose by Revenue Divisional Officers concerned are not necessary. The Revenue Divisional Officer while acting under sub-section (1) of section 28A and the Collector while disposing of appeal or review petition under sub-sections (4) or (5), as the case may be, of the said Act, shall fix the fair value as per the rates prevailed in 2010.

*Explanation:*—For the purpose of this notification the 'existing fair value' means fair value obtained after applying the 50 per cent increase notified as per the notification published as S. R. O. No. 698/2014 dated 14th November, 2014.

By order of the Governor,

MINHAJ ALAM,
*Secretary to Government.*

**Explanatory Note**

(This does not form part of the notification, but is intended to indicate its general purport.)

In para 269 of the Budget Speech 2018-19, Government have declared to enhance the existing fair value of land in the State by ten per cent. The Government have decided to increase the existing fair value of land accordingly.

The notification is intended to achieve the above object.

Scanned by CamScanner

©
കേരള സർക്കാർ
Government of Kerala
2019

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

കേരള ഗസറ്റ്
KERALA GAZETTE

അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 8<br>Vol. VIII | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2019 ഏപ്രിൽ 30<br>30th April 2019<br>1194 മേടം 16<br>16th Medam 1194<br>1941 വൈശാഖം 10<br>10th Vaisakha 1941 | നമ്പർ<br>No. 1053 |

## GOVERNMENT OF KERALA

### Taxes (J) Department

### NOTIFICATION

G.O. (P) No. 70/2019/TD. *Dated, Thiruvananthapuram, 30th April, 2019 / 16th Medam, 1194.*

**S. R. O. No. 311/2019.**—In exercise of the powers conferred under sub-section (1B) of section 28A of the Kerala Stamp Act, 1959 (17 of 1959), the Government of Kerala, hereby increase the existing fair value of land in Kerala, fixed as per sub-section (1) of section 28A by ten percent.

By order of the Governor,

VENUGOPAL, P.,
*Secretary to Government.*

92/1431/2019/S-11.

PR

Scanned by CamScanner

## Explanatory Note

(This does not form part of the notification, but is intended to indicate its general purport.)

As per notification issued under G. O. (P) No. 188/2014/TD dated 14th November, 2014 and published as S. R. O. No. 698/2014 in the Kerala Gazette Extraordinary No.2734 dated 14th November, 2014, the Government has increased the fair value of the land by fifty percent and subsequently the fair value of the land has been further increased by notification issued under G. O. (P) No. 43/2018/TD dated 31st March, 2018 and published as S. R. O. No. 186/2018 in the Kerala Gazette Extraordinary No. 28 dated 31st March, 2018.

As per para 289 of the Budget Speech, 2019-20 it has been declared to enhance the fair value of the land in the State by ten percent. Therefore, the Government has decided to increase the fair value of the land.

The notification is intended to achieve the above object.

PRINTED AND PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2019.